കേരളകൗമുദി

Established by **C.V. Kunjuraman** as a periodical in 1911

ആത്മസമർപ്പണ മുഹൂർത്തം രാവിലെ 10.15

കോവളം സതീഷ്കുമാർ

തിരുവനന്തപുരം: ഭക്തലക്ഷങ്ങൾ പൊങ്കാലയിലൂടെ ആത്മസമർപ്പണം ചെയ്യുന്ന പുണ്യദിനമായി. ഇന്ന് രാവിലെ 10.15നാണ് ആറ്റുകാൽ പൊങ്കാലയുടെ അടുപ്പുവെട്ട്. അതിനായി നാടാകെ വ്രതഭക്തിയോടെ കാത്തിരിക്കുകയാണ്. ലോകത്ത് മറ്റൊരു ആരാധനാലയത്തിലും കാണാത്തത്ര വിപുലമായ ആത്മസമർപ്പണത്തിനാണ് അനന്തപുരിയും പരിസരദേശങ്ങളും വീണ്ടും സാക്ഷ്യംവഹിക്കുന്നത്.

ആറ്റുകാലമ്മയുടെ തിരുനടയിലെ പണ്ടാര അടുപ്പിൽ 10.15ന് ജ്വലിപ്പിക്കുന്ന അഗ്നി നിമിഷങ്ങൾക്കകം നാടാകെ ഒരുക്കിയിരിക്കുന്ന അടുപ്പുകളിലേക്ക് പകരും. ''അമ്മേ നാരായണ ദേവീ നാരായണ ലക്ഷ്മീനാരായണ ഭദ്രേനാരായണ' മന്ത്രങ്ങളാൽ അനന്തപുരിയുടെ ആകാശവും ഭൂമിയും മുഖരിതമാവും.

അടുപ്പ്വെട്ട് ചടങ്ങിനുമുന്നോടിയായി ശുദ്ധപുണ്യാഹം തളിക്കും. ക്ഷേത്രതന്ത്രി തെക്കേടത്ത് പരമേശ്വരൻ വാസുദേവൻഭട്ടതിരിപ്പാട് ശ്രീകോവിലിൽ നിന്നദീപം പകർന്ന് മേൽശാന്തി വിഷ്ണു നമ്പൂതിരിക്ക് കൈമാറും. വലിയതിടപ്പള്ളിയിലെ അടുപ്പ് കത്തിച്ച ശേഷം മേൽശാന്തി ദീപം സഹമേൽശാന്തിക്ക് കൈമാറും. ചെറിയതിടപ്പള്ളിയിലെ അടുപ്പ് ജ്വലിപ്പിക്കുന്നത് സഹമേൽശാന്തിയാണ്. ഇവിടെ നിന്നു പണ്ടാര അടുപ്പിലേക്ക് തീ പകരുമ്പോൾ ചെണ്ടമേളം മുഴങ്ങും ഒപ്പം വെടിക്കെട്ടും. ഭക്തവനിതകൾ വായ്ക്കുരവകളോടെ ആ മുഹൂർത്തത്തെ എതിരേൽക്കും.

ആറ്റുകാൽ പൊങ്കാലയ്ക്ക് തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങിയ ഭക്തജനങ്ങളുടെ തിരക്ക്

പൊങ്കാലക്കലങ്ങളിൽ പകർന്നുവച്ച വെള്ളം തിളയ്ക്കാൻ പിന്നെ നിമിഷങ്ങളേ വേണ്ടൂ. ദേവിയെ വണങ്ങി തിളച്ച വെള്ളത്തിലേക്ക് ധാന്യമണികൾ സമർപ്പിക്കും.

ക്ഷേത്രത്തിൽ നിന്നുള്ള അറിയിപ്പുകൾ കേൾക്കാൻ സാധിക്കാത്ത പ്രദേശങ്ങളിൽ പൊലീസ് മൈക്കിലൂടെ തീപകരേണ്ട സമയം അറിയിക്കും. പൊങ്കാലക്കലങ്ങളിലേക്ക് മനമുരുക്കിയാണ് ഭക്തർ അരിയും തേങ്ങയും ശർക്കരയും അർപ്പിക്കുന്നത്.

ജ്വാല എത്തിക്കുന്നത് ഇങ്ങനെ

പണ്ടാര അടുപ്പിൽ നിന്നു പകർന്നെടുക്കുന്ന തീ നിരവധി പന്തങ്ങളിലേക്ക് പകരും. അതിനുശേഷം ആ പന്തവും വഹിച്ചുകൊണ്ട് ഇരുചക്രവാഹനങ്ങളിൽ വോളന്റിയർമാർ ദൂരെ ദിക്കുകളിൽ പൊങ്കാലയിടുന്നവരുടെ അടുക്കൽ വരെ എത്തിക്കും. ഓരോ വഴിയുടെ മുന്നിലും പന്തത്തിൽ നിന്നു തീ പകരാനായി ആളുകൾ കാത്തുനിൽക്കും. ഇങ്ങനെ പകർന്നെടുത്ത തീയാണ് അടുപ്പുകളിൽ ജ്വലിപ്പിക്കുക.

നിവേദ്യം 2.15ന്

ഉച്ചയ്ക്ക് രണ്ടേകാലിനാണ് പൊങ്കാല നിവേദ്യം. ആ നിമിഷം ആകാശത്തുനിന്നു പൂവർഷമുണ്ടാവും. സെസ്സ വിമാനത്തിലാണ് പൂക്കൾ വർഷിക്കുന്നത്. ആറ്റുകാൽ ക്ഷേത്രത്തിൽ നിന്നു പകർന്നെത്തിച്ച തീർത്ഥകണങ്ങൾ 250 ഓളം പൂജാരിമാർ ദേവിയുടെ അനുഗ്രഹമായി തളിക്കും. ഇതോടെ ആത്മനിർവൃതിപൂകിയ മനസുമായി ഭക്തർ വീടുകളിലേക്കു മടങ്ങും.

തിരുവനന്തപുരത്തെ പൊലീസ് ആസ്ഥാനത്ത് പുതുതായി എത്തിയ ആദ്യത്തെ മനുഷ്യ നിർമിത വനിതാ റോബോട്ട് സബ് ഇൻസ്പെക്ടർ കെ. പി ബോട്ടിന്റെ ഉദ്ഘാടനത്തിനെത്തിയ മുഖ്യമന്ത്രി പിണറായി വിജയന് കെ. പി. ബോട്ട് സല്യൂട്ട് നൽകുന്നു. സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബഹ്റ, മുഖ്യമന്ത്രിയുടെ ചെറുമകൻ ഇഷാൻ എന്നിവർ സമീപം ഫോട്ടോ: മനു മംഗലശ്ശേരി

പിയാജിയോ വെഹിക്കിൾസിന്റെ പുതിയ ഷോറൂം പാപ്പനംകോട് നീറമൺകരയിൽ ശിവജി വെഹിക്കിൾസിൽ ശശി തരൂർ എം. പി ഉദ്ഘാടനം ചെയ്യുന്നു. പിയാജിയോ ബിസിനസ് ഹെഡ് ആഷിക് യാക്മി, ശിവജി ഗ്രൂപ് ചെയർമാൻ ശിവജി ജഗന്നാഥൻ, ശിവജി വെഹിക്കിൾസ് മാനേജിംഗ് പാർട്ണർ പാർവതി ശിവജി എന്നിവർ സമീപം

സ്കൂട്ടർ ചരലിൽ തെന്നിമറിഞ്ഞ് വീട്ടമ്മയ്ക്ക് ദാരുണാന്ത്യം

തിരുവനന്തപുരം: ഭർത്താവിനൊപ്പം യാത്ര ചെയ്യുകയായിരുന്ന വീട്ടമ്മയ്ക്ക് സ്കൂട്ടർ ചരലിൽ തെന്നിമറിഞ്ഞ് ദാരുണാന്ത്യം. പേട്ട, പരക്കടിലെയിൻറസിഡന്റ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയും വി.എസ്.എസ്.സി റിട്ട. സീനിയർ ടെക്നിഷ്യനുമായ ടി.സി 31/1114 ആതിര ഭവനിൽ രാധാകൃഷ്ണൻ നായരുടെ ഭാര്യ സരസമ്മയാണ് (67) മരിച്ചത്. ഇന്നലെ രാവിലെ ഭർത്താവിനൊപ്പം ആറ്റുകാൽ അമ്പലത്തിലേക്ക് പോകുമ്പോൾ ഫോർട്ട് പൊലീസ് സ്റ്റേഷന് സമീപത്തായിരുന്നു അപകടം.

പെട്ടന്ന് ബ്രേക്കിട്ട സ്കൂട്ടർ ചരലിൽ തെന്നി മറിയുകയായിരുന്നു. തുടർന്ന് റോഡിന്റെ വലത് വശത്തേക്ക് തലയിടിച്ചവീണ് ഗുരുതരമായി പരിക്കേറ്റ സരസമ്മയെ ഉടൻ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും മരിച്ചു. മക്കൾ: സോണി ആർ. നായർ (സി.ടി.എസ്), സുജിത് ആർ. നായർ (വിപ്രോ). മരുമക്കൾ: അഞ്ജന (ഇൻഫോസിസ്), അഡ്വ. ചിത്ര. ഫോൺ : 8089098986. ഫോർട്ട് പൊലീസ് കേസെടുത്തു. സംസ്കാരം: നാളെരാവിലെ 10.30 ന് ശാന്തികവാടത്തിൽ. സഞ്ചയനം : 26ന് രാവിലെ 8.30ന്.

അനുശോചന സംഗമം

തിരുവനന്തപുരം: പതിന്നാല് ഡി.സി.സികളുടെയും എല്ലാ മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെയും ആഭിമുഖ്യത്തിൽ ഇന്ന് വൈകിട്ട് 4ന് പുഷ്പാർച്ചനയും ഒരു മണിക്കൂർ അനുശോചനസംഗവും സംഘടിപ്പാക്കാൻ കെ.പി.സി.സി തീരുമാനിച്ചതായി ജനറൽ സെക്രട്ടറി ഡോ. ശൂരനാട് രാജശേഖരൻ അറിയിച്ചു. കൃപേഷിന്റെയും ശരത്‌ലാലിന്റെയും മാതാപിതാക്കളുടെ അടങ്ങാത്ത തേങ്ങലുകൾക്ക് മുന്നിൽ പിടിച്ചുനിൽക്കാൻകഴിയാതെപൊട്ടിക്കരഞ്ഞ കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രന്റെ ദുഃഖം കേരളത്തിലെ മുഴുവൻ കോൺഗ്രസ് പ്രവർത്തകരുടേതുമാണ്.

ഷുക്കൂർ കേസ്: സി.ബി.ഐയുടെ അനുബന്ധ കുറ്റപത്രം തലശേരി കോടതി മടക്കി

സി.ബി.ഐക്കു ഹൈക്കോടതിയെ സമീപിക്കാം

തലശേരി: എം.എസ്.എഫ് നേതാവ് അരിയിൽ ഷുക്കൂറിനെ കൊലപ്പെടുത്തിയ കേസിൽ സി.ബി.ഐ സമർപ്പിച്ച അനുബന്ധ കുറ്റപത്രം തലശ്ശേരി പ്രിൻസിപൽ സെഷൻസ് കോടതി മടക്കി. സി.പി.എം ജില്ലാ സെക്രട്ടറി പി.ജയരാജനും ടി.വി.രാജേഷ് എം.എൽ.എയ്ക്കും എതിരെ ഗൂഢാലോചനക്കുറ്റം ചുമത്തി സമർപ്പിച്ച കുറ്റപത്രമാണ് മടക്കിയത്. സി.ബി.ഐക്കു കുറ്റപത്രവുമായി ഹൈക്കോടതിയെ സമീപിക്കാമെന്നും, കുറ്റപത്രം ഏത് കോടതി പരിഗണിക്കണമെന്ന് ഹൈക്കോടതി തീരുമാനിക്കട്ടെയെന്നും തലശ്ശേരി കോടതി വ്യക്തമാക്കി.

കേസിലെവിചാരണ കൊച്ചിയിലെ പ്രത്യേക കോടതിയിലേക്ക് മാറ്റണമെന്ന ആവശ്യവും സെഷൻസ് കോടതി പരിഗണിച്ചില്ല. ഇതിനുള്ള അധികാരമില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ഈ ആവശ്യം തള്ളിയത്. പി. ജയരാജനും ടി. വി. രാജേഷും സമർപ്പിച്ച വിടുതൽ ഹർജിയും കോടതി പരിഗണിച്ചില്ല. ഏതു കോടതിയാണു കുറ്റപത്രം പരിഗണിക്കേണ്ടതെന്ന തീരുമാനിച്ചശേഷം വിടുതൽ ഹർജി പരിഗണിക്കാമെന്നും കോടതി വ്യക്തമാക്കി.

2012 ഫെബ്രുവരി 20 നാണ് ഷുക്കൂർ കൊല്ലപ്പെട്ടത്. സി.പി.എം ജില്ലാ സെക്രട്ടറി പി.ജയരാജനും, ടി.വി. രാജേഷ് എം.എൽ.എയും സഞ്ചരിച്ച കാറിനുനേരെ മുസ്ലിം ലീഗ് പ്രവർത്തകർ ആക്രമണം നടത്തിയെന്നാരോപിച്ച് ഷുക്കൂറിനെ സി.പി.എം പ്രവർത്തകർ രണ്ടുമണിക്കൂറോളം തടഞ്ഞുവച്ച് വിചാരണയ്ക്ക് വിധേയമാക്കി കൊലപ്പെടുത്തിയെന്നാണ് കേസ്.

ഇന്ത്യൻ ശിക്ഷാനിയമം 118 പ്രകാരം വെറും ഗൂഢാലോചനമാത്രമാണ് നേരത്തേ ചുമത്തിയിരുന്നത്. ക്രിമിനൽ ഗൂഢാലോചന കുറ്റമായ ഇന്ത്യൻ ശിക്ഷാനിയമം 120 (ബി) യും കൊലക്കുറ്റമായ 302 ഉം ചുമത്തികഴിഞ്ഞ 11 നാണ് സി.ബി.ഐ തലശേരി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്.

വാർത്തയാക്കാൻ കേരളത്തിൽ അഴിമതിയില്ല: മുഖ്യമന്ത്രി

തിരുവനന്തപുരം: ഉന്നതതലങ്ങളിലെ അഴിമതി നേരത്തേ കേരളത്തിൽ വാർത്തയായിരുന്നെങ്കിൽ ഇപ്പോൾ അത്തരം വാർത്തകളില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ചിലതലങ്ങളിൽ അഴിമതികളുണ്ട്. അതൊഴിവാക്കാൻ നടപടികളെടുക്കും. അഴിമതി പൂർണമായി നിഷ്കാസനം ചെയ്യാനാണദ്ദേഹം.

പല കാര്യങ്ങളും പറയുമെങ്കിലും ഇവിടെ ഒന്നും നടക്കില്ല എന്നതായിരുന്നു ആയിരം ദിവസങ്ങൾക്ക് മുമ്പ് വരെയുള്ള പൊതുവായ തോന്നൽ. എന്നാൽ സർക്കാർ ആയിരം ദിവസം പിന്നിടുമ്പോഴത്തെ പ്രത്യേകത, ഇവിടെ ചിലതെല്ലാം നടക്കും എന്ന നിലയുണ്ടായി എന്നതാണ്. ദേശീയപാതാവികസനം, ഗെയിൽ പൈപ്പ് ലൈൻ, കൂടംകുളം വൈദ്യുതിലൈൻ തുടങ്ങിയവ ഒരു തരത്തിലും നടക്കില്ല എന്ന സ്ഥിതി മാറി. സ്വപ്നം മാത്രമായി ഉടക്കിയിരുന്ന കോവളം- ബേക്കൽ ജലപാതയുടെ ഒന്നാം ഘട്ടം 2020 ൽ പൂർത്തിയാകും. പൊതുവെ ജനങ്ങളിൽ ആത്മവിശ്വാസം സൃഷ്ടിക്കാനായി.

നാട് നിക്ഷേപസൗഹൃദമല്ല എന്ന ധാരണയ്ക്ക് മാറ്റമുണ്ടായി. തീരുമാനങ്ങൾ വേഗത്തിലാക്കാൻ ഏഴ് നിയമങ്ങളും പത്ത് ചട്ടങ്ങളും ഭേദഗതി ചെയ്തു. 30 ദിവസത്തിനുള്ളിൽ ഫയലിൽ തീരുമാനം വന്നില്ലെങ്കിൽ തീരുമാനമായതായി കണക്കാക്കുന്ന വ്യവസ്ഥയുണ്ടായി. നേരത്തേ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം 131.60 കോടിയായിരുന്നെങ്കിൽ ഇപ്പോൾ 160 കോടി ലാഭത്തിലായി. കേന്ദ്രം പൂട്ടാൻ നിശ്ചയിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ പോലും തുറന്നു പ്രവർത്തിപ്പിച്ചു. സ്റ്റാർട്ടപ്പുകളുടെ കാര്യത്തിൽ 2018ലെ റാങ്കിംഗിൽ കേരളം പ്രധാന പെർഫോമറായി. കിഫ്ബി വഴി അമ്പതിനായിരം കോടിയുടെ വികസനം പറഞ്ഞ സ്ഥാനത്ത് 41326 കോടിയുടെ പദ്ധതികൾക്ക് അനുമതിയായിക്കഴിഞ്ഞു. കേരള ബാങ്ക് വരുന്നതോടെ ബാങ്കിംഗ് മേഖലയിൽ വലിയ മാറ്റവും സഹകരണമേഖലയിൽ കുതിപ്പുമുണ്ടാകും.

സർവതലസ്പർശിയായസമഗ്ര വികസനമാണ് ലക്ഷ്യം. കാർഷികമേഖലയുടെ വികസനം പ്രധാനമാണ്. നെൽവയലിന്റെവിസ്തൃതി കൂടി. പാലിന്റെയും മുട്ടയുടെയും പച്ചക്കറിയുടെയും ഉത്പാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക് നീങ്ങുന്നു. 1,03,362 കുടുംബങ്ങൾക്ക് പട്ടയം നൽകി. പരമ്പരാഗതവ്യവസായങ്ങളെ സംരക്ഷിക്കാൻ ഫലപ്രദമായ നടപടിയെടുത്തു.

മത്സ്യത്തൊഴിലാളികടാശ്വാസത്തിന് 6.12 കോടി അനുവദിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 2,57,959 പേർക്ക് ആശ്വാസം നൽകി. ആയിരം ദിവസം പിന്നിടുമ്പോൾ 930 കോടി ഈയിനത്തിൽ വിതരണം ചെയ്തു.

ട്രാൻസ്ജെൻഡറുകളോടുള്ള സമീപനം പൊതുവിൽ പ്രശംസിക്കപ്പെട്ടു. ആരോഗ്യമേഖലയിൽ നല്ല നിലയിലുള്ള രോഗീസൗഹൃദ സംവിധാനമായി. സ്ത്രീശാക്തീകരണ നടപടികൾ അംഗീകരിക്കപ്പെട്ടു. സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് നാടിന്റെ സഹകരണവും നാട്ടുകാരുടെ പിന്തുണയും നല്ലപോലെ ലഭിച്ചു.

ഹർത്താൽ നിയന്ത്രിക്കൽ: സർവകക്ഷിയോഗം ഉടൻ

അടിക്കടിയുള്ള ഹർത്താലുകൾ സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകളാണ് ആളുകൾ ചൂണ്ടിക്കാട്ടുന്ന പ്രധാന പ്രശ്നം.

ഇവയെ നിയന്ത്രിക്കാനാവശ്യമായ നടപടികൾ ആലോചിക്കാൻ എല്ലാ രാഷ്ട്രീയപാർട്ടികളുടെയും യോഗം അടുത്തുതന്നെ വിളിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

ഹിന്ദി സാഹിത്യത്തിൽ പിഎച്ച്.ഡി നേടിയ കായംകുളം രാമപുരം ഗവ.ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപിക സ്മിത എസ്.എൽ. തിരുമല 'ശിശിരത്തിൽ' ജി.ശശിധരൻ നായരുടെയും പരേതയായ ടി.ലളിതമ്മയുടെയും മകളും കേരള സർവകലാശാല അസിസ്റ്റന്റ് രജിസ്ട്രാർ ഡി.എസ്.സന്തോഷ്കുമാറിന്റെ ഭാര്യയുമാണ്

ചെന്നൈ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജിയിൽ നിന്ന് ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയ പി.എം. ഗീതു. കോഴിക്കോട് പന്നിക്കോട് നടുവിലേടത്ത് അനൂപ് ജനാർദ്ദനന്റെ ഭാര്യയാണ്.

പരസ്യ ചിത്രത്തിലൂടെ ജഗതി തിരിച്ചുവരുന്നു

കൊച്ചി: മലയാളത്തിന്റെ ഹാസ്യ സമ്രാട്ട് ജഗതി ശ്രീകുമാർ വലിയൊരു ഇടവേളയ്ക്ക് ശേഷം അഭിനയ രംഗത്തേക്ക് തിരിച്ചുവരുന്നു. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലായിരുന്ന ജഗതി, തന്റെ മകനായ രാജ് കുമാർ ആരംഭിക്കുന്ന പരസ്യ കമ്പനിയായ ജഗതി ശ്രീകുമാർ എന്റർടെയിൻമെന്റ്സ് ആദ്യമായി ചിത്രീകരിക്കുന്ന പരസ്യത്തിലൂടെയാണ് തിരിച്ചു വരുന്നത്. അതിരപ്പള്ളി സിൽവർ സ്റ്റോം വാട്ടർ തീം പാർക്കിന്റെ പരസ്യത്തിലാണ് അദ്ദേഹം അഭിനയിക്കുന്നത്. മകൻ രാജ്കുമാർ, മകൾ പാർവതി ഷോൺ എന്നിവരും ജഗതിയുടെ പേരക്കുട്ടികളുമുൾപ്പെടെ കുടുംബാംഗങ്ങളും ഇതിൽ അഭിനയിക്കുന്നുണ്ട്. നിരവധി പരസ്യ ചിത്രങ്ങൾ ചെയ്ത സിധിനാണ് ക്രിയേറ്റീവ് ഡയറക്ടർ. സിനിമയിലെ സുഹൃത്തുക്കളെ കാണാനും ഇടപഴകാനും സാധിച്ചാൽ ജഗതിയുടെ തിരിച്ചുവരവിന് വേഗതകൂടുമെന്ന് ഡോക്ടർമാർ പറഞ്ഞതായി മകൻ രാജ്കുമാർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പരസ്യ ചിത്രത്തിന്റെ സ്വിച്ച് ഓൺ കർമ്മവും ജഗതി ശ്രീകുമാർ എന്റർടെയ്ൻമെന്റ് പരസ്യ കമ്പനിയുടെ ഉദ്ഘാടനവും 27ന് സിൽവർ സ്റ്റോം വാട്ടർ തീം പാർക്കിൽ നടക്കും. ചലച്ചിത്ര താരങ്ങളും ജഗതിയുടെ സുഹൃത്തുക്കളും പങ്കെടുക്കും. വരും വർഷം സിനിമയിൽ അഭിനയിക്കാൻ ജഗതി തയ്യാറെടുക്കുകയാണെന്നും കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുമെന്നും രാജ്കുമാർ കൂട്ടിച്ചേർത്തു. സിൽവർസ്റ്റോം എം.ഡി ഷാലിമാർ, സുധീർ അമ്പലപ്പാട് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

കേരളകൗമുദി ആറ്റുകാൽ പൊങ്കാല പ്രത്യേക പതിപ്പ് ക്ഷേത്ര ട്രസ്റ്റ് പ്രസിഡന്റ് വി. ചന്ദ്രശേഖരപിള്ള, സെക്രട്ടറി ശിശുപാലൻ നായർ, ചെയർമാൻ ശശിധരൻ നായർ എന്നിവർ ചേർന്ന് പ്രകാശനം ചെയ്യുന്നു. കേരളകൗമുദി പരസ്യ മാനേജർ വിമൽ കുമാർ, കളക്ഷൻ മാനേജർ പി. ഹരികുമാർ, ആറ്റുകാൽ ഏജന്റ് ഗോപാലകൃഷ്ണൻ നായർ എന്നിവർ സമീപം

Vol. No. 109 Issue No. 50 R.No.3052/57 (R.No. KL/TV(N) 72/2018-20) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 0471 - 7117000, Fax: 7116905** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .